4 (528) വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് പദ്ധതി

ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ വൈദ്യുതി, ജലം, വാർത്താ വിനിമയം, ഗതാഗതം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കു വേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്;

(സി) ഇതിനുവേണ്ടി എന്തുതുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുവേണ്ടി വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും സ്ഥാപിക്കുമോ;

(ഇ) ഈ പദ്ധതികളുടെ ഭാഗമായി പുതിയ ഏതെല്ലാം വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) വ്യവസായങ്ങൾക്ക് ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ കിൻഫ്രാ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ജി) ഇതിനായി ഏതെല്ലാം ജില്ലകളിൽ എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളത്; കിൻഫ്രാ ഏറ്റെടുത്തിട്ടുള്ള സ്ഥലങ്ങളിൽ പുതുതായി വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പദ്ധതികൾ കണ്ടെത്തി അതിനാവശ്യമായ സ്ഥലം ഏറ്റെടുത്ത് കേരളത്തിനുതകുന്ന രീതിയിലുള്ള വ്യവസായ പദ്ധതികൾക്ക് ആവശ്യമായ അടിസ്ഥാന ഘടകസൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും വ്യവസായ സംരംഭകർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ലഭ്യമാക്കുന്നതിനും വേണ്ടി കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കിൻഫ്രാ) 1993-ൽ സ്ഥാപിച്ചു. കിൻഫ്രായുടെ ആഭിമുഖ്യത്തിൽ വിവിധ ജില്ലകളിലായി 13-ഓളം വ്യവസായ പാർക്കുകൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ, വയനാട് ഒഴിച്ചുള്ള ജില്ലകളിൽ വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ വ്യവസായം തുടങ്ങുന്നതിന് മുന്നോട്ടുവരുന്ന സംരംഭകർക്ക് കുറഞ്ഞ നിരക്കിൽ ഭൂമി നൽകുന്ന പദ്ധതി നിലവിലുണ്ട്. കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ വ്യവസായ വളർച്ചാ കേന്ദ്രങ്ങളും സ്ഥാപിച്ചുവരുന്നു.

(ബി) സ്ഥലം ഏറ്റെടുത്ത് വൈദ്യുതി, ജലം, വാർത്താവിനിമയം, ഗതാഗതം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുള്ള വ്യവസായ വികസന ഏരിയ/പ്ലോട്ടുകൾ, വ്യവസായ പാർക്കുകൾ, വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏകദേശം 16,500 ലക്ഷം രൂപ.

കിൻഫ്രാ	- 10757.01 ലക്ഷം
വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി	- 2051.85 ലക്ഷം
കെ.എസ്.ഐ.ഡി.സി. വഴി	- 3690.00 ലക്ഷം
	16498.86 ലക്ഷം

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) കിൻഫ്രയുടെ കാക്കനാട്ടുള്ള എക്സ്പോർട്ട് പ്രൊമോഷൻ പാർക്കിൽ കെ.സി.പി.എൽ. എന്ന സ്ഥാപനം ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ വ്യവസായ വളർച്ചാകേന്ദ്രത്തിൽ റബ്കോ എന്ന കമ്പനിയുടെ ചെരുപ്പു നിൽമ്മാണ യൂണിറ്റ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. സൈക്കിൾ ടയർ, ട്യൂബ്സ് എന്നീ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള റബ്കോയുടെ അടുത്ത യൂണിറ്റ് പൂർത്തീകരണ ഘട്ടത്തിലാണ്.

(എഫ്) വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടെയുള്ള 13 വ്യവസായ പാർക്കുകൾ കിൻഫ്രായുടെ ആഭിമുഖ്യത്തിൽ സ്ഥാപിച്ചുവരുന്നു. പദ്ധതികൾ കണ്ടെത്തി, അതിനാവശ്യമായ സ്ഥലം ഏറ്റെടുത്ത്, അവിടെ വ്യവസായം തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ജലം, വാർത്താവിനിമയ സൗകര്യങ്ങൾ, ബിസിനസ്സ് സെന്റർ, എക്സിബിഷൻ സെന്റർ, കോൺഫറൻസ് ഹാൾ, ആരോഗ്യപരിപാലന കേന്ദ്രം, ക്യാന്റീൻ, ബാങ്ക്, പോസ്റ്റാഫീസ്, സുരക്ഷാ സൗകര്യങ്ങൾ എന്നിവ കിൻഫ്രാ പാർക്കുകളിൽ ലഭ്യമാക്കുന്നുണ്ട്.

(ജി) കിൻഫ്രാ ഏറ്റെടുത്തിട്ടുള്ള ഭൂമിയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

കിൻഫ്രാ പാർക്കുകളിൽ വ്യവസായം തുടങ്ങുവാൻ ഭൂമി അലോട്ട് ചെയ്തു വരുന്നതേയുള്ളൂ. കേരള കെമിക്കൽസ് ആന്റ് പ്രോട്ടീൻസ് ലിമിറ്റഡ് എന്ന സ്ഥാപനം എറണാകുളത്ത് കിൻഫ്രയുടെ എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ വ്യവസായ യൂണിറ്റ് സ്ഥാപിച്ച് ഉൽപ്പാദനമാരംഭിച്ചിട്ടുണ്ട്.

5 (529) ടെക്നോപാർക്ക്

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം ടെക്നോപാർക്കുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പുതുതായി ടെക്നോപാർക്കുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണ്;

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യത്തെക്കുറിച്ച് എന്തെങ്കിലും പുനരാലോചനയുണ്ടോയെന്ന് അറിയാൻ താൽപര്യമുണ്ട്.

മുഖ്യമന്ത്രിയ്ക്കുവേണ്ടി, ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, മുഖ്യമന്ത്രി ഇതിനു എത്ര യോ ദിവസം മുൻപ് മറുപടി പറഞ്ഞു കഴിഞ്ഞു. ആ മറുപടിയല്ലാതെ പുതിയ തായി ഒന്നും പറയാനില്ല

മി. സ്പീക്കർ : ശ്രീ. എ.സി. ഷൺമുഖദാസ് .....(ബഹളം).... ..

(ബഹളം).... (ബഹളം).....(ബഹളം)....

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചു പ്രതിപക്ഷ അംഗങ്ങൾ മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ട് സഭയുടെ നടുത്തളത്തിലിറങ്ങി തുടർന്നുള്ള സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു)

ശ്രീ. എ.സി ഷൺമുഖദാസ് : സർ, എന്റെ പോയിന്റ് ഓഫ് ഓർഡർ, ഇവിടെ ബഹുമാനപ്പെട്ട സ്പീക്കർക്ക് (ബഹളം).....(ബഹളം).....(ബഹളം) .....(ബഹളം).....

മി. സ്പീക്കർ : പ്ലീസ്....പ്ലീസ്...പ്ലീസ്. ശ്രീ. പാലോടു രവി, അദ്ദേഹം ഇല്ല, ഇന്ന് വെള്ളിയാഴ്ചയാണ്.പ്രൈവറ്റ് മെംബേഴ്സ് ബിസിനസ് ആണ് ഇന്ന്. No other business. Only private Member's business ചെയറിനു സഭ ഈ വിധത്തിൽ തുടർന്നുകൊണ്ടുപോകുവാൻ വിഷമമാണ്.... പ്രൈവറ്റ് മെമ്പേഴ്സ് ബിസിനസ് അല്ലാതെ മറ്റ് ബിസിനസ് ഒന്നും ഇന്ന് സഭയുടെ മുൻപാകെ ഇല്ല. ഒരു കാര്യം മാത്രം ചെയർ ഇവിടെ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്ര ഹിക്കുന്നു. നമുക്ക് നിയമസഭയുടെ ദിവസങ്ങൾ ഓരോന്നായി നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്. നിയമസഭയെ സംബന്ധിച്ച് അതൊരു തീരാ നഷ്ട മാണ്. അതുകൊണ്ട് എല്ലാപേരും ഒരുമിച്ച് ആലോചിച്ച് ഇതിനൊരു പരി ഹാരം കാണാൻ ശ്രമിക്കണമെന്നാണ് ചെയറിനു വയ്ക്കാനുള്ള അപേക്ഷ. കേട്ടല്ലോ, അതു മാത്രമേ ചെയറിനു പറയാനുള്ളു. അതു മാത്രമല്ല വാച്ച് ആന്റ് വാർഡിന്റെ സംരക്ഷണയിൽ ചെയറിനു ഈ കസേരയിൽ ഇരിക്കാനും വിഷമമുണ്ട്. അതുകൊണ്ട് സഭാ നടപടികൾ അവസാനിപ്പിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2000 ജൂൺ മാസം 26 ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് സമ്മേ ളിക്കുന്നതിനായി സഭ രാവിലെ 9.37 ന് പിരിഞ്ഞു)

അനുബന്ധം I

23-6-2000 ത്തിലെ നക്ഷത്ര ചിഹ്നമില്ലാത്ത ചോദ്യം നമ്പർ 4 (528) ദയവായി കാണുക

	ജില്ല	വിസ്തീർണ്ണം	
1)	തിരുവനന്തപുരം ജില്ല കഴക്കൂട്ടം, മേനംകുളം വില്ലേജ്	81,9883 ഏക്കർ	94.0983
2)	തിരുവനന്തപുരം ജില്ല നെടുമങ്ങാട് താലൂക്ക് അരുവിക്കര വില്ലേജ്	12.11 ഏക്കർ	
3)	എറണാകുളം ജില്ല കണയന്നൂർ		

LIBRARY ARCHIVES Kerala Legislative Assembly

	താലൂക്ക് കാക്കനാട് വില്ലേജ്	169.60 ഏക്കർ
4)	എറണാകുളം ജില്ല കുന്നത്തുനാട്	201.6
	താലൂക്ക് ഐരാപുരം വില്ലേജ്	32 ഏക്കർ
5)	പാലക്കാട് ജില്ല പാലക്കാട്	
	താലൂക്ക് പുതുശ്ശേരി വില്ലേജ്	740 ഏക്കർ
6)	മലപ്പുറം ജില്ല തിരുരങ്ങാടി	
	താലൂക്ക് ചേലമ്പ്ര വില്ലേജ്	88സെന്റ്
7)	കണ്ണൂർ ജില്ല തലശ്ശേരി താലൂക്ക്	
	എരഞ്ഞോലി കതിരൂർ വില്ലേജ്	50.25 ഏക്കർ
8)	കാസർഗോഡ് ജില്ല കാസർഗോഡ്	
	താലൂക്ക് ശീതങ്കോലി വില്ലേജ്	194.56 ഏക്കർ

ഇതു കൂടാതെ താഴെ പറയുന്ന ജില്ലകളിൽ സർക്കാരിൽ നിന്നും ഭൂമി പതിച്ചു നൽകിയിട്ടുണ്ട്.

1)	എറണാകുളം ജില്ല കുന്നത്തുനാട് താലൂക്ക് ഐരാപുരം വില്ലേജ്	59.12 ഏക്കർ
2)	എറണാകുളം ജില്ല കുന്നത്തുനാട് താലൂക്ക് മഴുവന്നൂർ വില്ലേജ്	64.89 ഏക്കർ
3)	എറണാകുളം ജില്ല കണയന്നൂർ താലൂക്ക് തൃക്കാക്കര നോർത്ത് വില്ലേജ് എച്ച്.എം.റ്റി കോംപൗണ്ട്	240 ഏക്കർ
4)	മലപ്പുറം ജില്ല തിരുരങ്ങാടി താലൂക്ക് ചേലമ്പ്ര വില്ലേജ്	70.59 ഏക്കർ

ഇതു കൂടാതെ തിരുവനന്തപുരം ജില്ലയിൽ, തിരുവനന്തപുരം താലൂക്കിൽ,കഴക്കൂട്ടം ഐരൂപാറ വില്ലേജിൽ സൈനിക സ്ക്കൂൾ കോംപൗണ്ടിൽ 75 ഏക്കർ സർക്കാർ ഭൂമി പ്രതിഫലം നൽകി ഏറ്റെടുത്തിട്ടുണ്ട്.

അനുബന്ധം-II

23-6-2000-ത്തിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 9 (533) ദയവായി കാണുക

A KERALA INDUSTRIAL REVITALISATION FUND ൽ നിന്നും കമ്പനികൾക്ക് നല്കിയ തുകയുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു

DISBURSEMENTS FROM KIRFB

(AS ON 31/05/2000)

(In Rupees)

PAYMENTS	TYPE OF LOAN	AMOUNT
AUTOKAST	STL	18,200,000
KEL	STL	25,000,000
KELTRON COMPONENT	STL	13,500,000

LIBRARY ARCHIVES Kerala Legislative Assembly